**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 39** **28-01-2026 - ൽ മറുപടിയ്ക്ക്**

**ഹഡിൽ ഗ്ലോബൽ ഉച്ചകോടിയും അന്താരാഷ്ട്ര എക്സ്പോഷർ പ്രോഗ്രാമും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഹഡിൽ ഗ്ലോബൽ ഉച്ചകോടിയും അന്താരാഷ്ട്ര എക്സ്പോഷർ പ്രോഗ്രാമും നടത്തിയതിലൂടെ ഉണ്ടായ നേട്ടങ്ങൾ വിശദമാക്കാമോ; | (എ) | പുതു സംരംഭകരെ തേടിയെത്തുന്ന നിക്ഷേപകരുമായുള്ള ചർച്ചകളും പുതുമയാർന്ന ആശയങ്ങളും ഉൽപ്പന്നങ്ങളും ലോകത്തിനു മുന്നിൽ പ്രദർശിപ്പിക്കാനുള്ള അവസരം സ്റ്റാർട്ടപ്പുകൾക്ക് തുറന്ന് കൊടുക്കുകയാണ് ഹഡിൽ ഗ്ലോബൽ എന്ന ഇന്ത്യയിലെ ഏറ്റവും വലിയ ബീച്ച് സൈഡ് സ്റ്റാർട്ടപ്പ് ഉച്ചകോടി കൊണ്ട് നേട്ടമുണ്ടായിട്ടുള്ളത്.<br><br>സ്റ്റാർട്ടപ്പുകളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ആഗോള വിദഗ്ധരടക്കം പങ്കെടുക്കുന്ന ചട്ടുലമായ ചർച്ചകൾ, വിദ്യാർഥികൾ ഉൾപ്പെടെ സ്റ്റാർട്ടപ്പ് ആശയങ്ങളുമായി വന്നവർക്ക് പുതിയ ഉൾക്കാഴ്ച എന്നിവ ഉച്ചകോടിയുടെ ഒരു പ്രധാന നേട്ടമാണ്.<br><br>ഹഡിൽ ഗ്ലോബൽ 2025 കേരളത്തിന്റെ സ്റ്റാർട്ടപ്പ് എക്കോസിസ്റ്റത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിച്ചു.  ഈ പരിപാടിയിൽ വെച്ച് കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പായ 'ഒപ്പം' 1.5 കോടി രൂപ നിക്ഷേപം നേടി. കേരളത്തിലെ ഇന്നൊവേഷൻ എക്കോസിസ്റ്റത്തിലേക്ക് ഗ്ലോബൽ അലയൻസിന്റെ നേതൃത്വത്തിൽ ഫീഡർ ഫണ്ട് നിക്ഷേപത്തിന് താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. മൂന്ന് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് 1000 കോടി രൂപയുടെ ഫീഡർ ഫണ്ട് നൽകാനാണ് പദ്ധതിയിടുന്നത്. ആഗോള എൻആർഐ സമൂഹത്തിന് കേരള സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുടെ വളർച്ചയിൽ പങ്കാളിത്തം നൽകുന്നതിനും കേരള സ്റ്റാർട്ടപ്പ് മിഷന്റെ (കെഎസ്‌യുഎം) ഫണ്ട്-ഓഫ്-ഫണ്ട്സ് പ്രോഗ്രാമിനെ പിന്തുണയ്ക്കുന്നതിനുമായിരിക്കും ഫണ്ട് വിനിയോഗിക്കുക. ഹഡിൽ ഗ്ലോബൽ 2025-ൽ 100-ലധികം നിക്ഷേപക ചർച്ചകൾ നടന്നു, 150-ലധികം മെന്റർഷിപ്പ് സെഷനുകൾ നടത്തി, 100 സ്റ്റാർട്ടപ്പുകളുടെ എക്സ്പോ മറ്റൊരു ആകർഷണമായിരുന്നു. ഇന്റർനാഷണൽ എക്സ്പോഷർ പ്രോഗ്രാമിന്റെ ഭാഗമായി ജർമ്മനിയിൽ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്റർ സ്ഥാപിക്കുന്നതിനായി NxtGen സ്റ്റാർട്ടപ്പ് ഫാക്ടറിയുമായി ലെറ്റർ ഓഫ് ഇന്റന്റ് ഹഡിൽ ഗ്ലോബലിൽ വെച്ച് ഒപ്പുവെച്ചു. |
| (ബി) | ഇൻഫിനിറ്റി കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; ഇത്തരം കേന്ദ്രങ്ങൾ നിലവിൽ എവിടെയെല്ലാമാണ് സ്ഥാപിച്ചിട്ടുള്ളതെന്നും പുതുതായി എവിടെയെല്ലാം ആരംഭിക്കാനാണ് | (ബി) | കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് വിദേശവിപണിയിലേക്കുള്ള പ്രവേശനം സുഗമമാക്കുന്നതിന് സ്റ്റാർട്ടപ്പ് മിഷൻ തുടങ്ങിയ പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി കേന്ദ്രങ്ങൾ. സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി പദ്ധതിയിലൂടെ വിവിധ രാജ്യങ്ങളിൽ അന്തർദേശീയ ലോഞ്ച് പാഡുകൾ രൂപീകരിച്ചുവരുന്നു. പ്രാരംഭഘട്ടമെന്ന നിലയിൽ |

| | | | |
|---|---|---|---|
| | ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; | | ദുബായിൽ ആദ്യ ഇൻഫിനിറ്റി കേന്ദ്രം ഉദ്ഘാടനം ചെയ്തു. കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് യൂറോപ്പിൽ വിപണി വിപുലീകരിക്കുന്നതിനായി ബെൽജിയവുമായി സ്റ്റാർട്ടപ്പ് മിഷൻ ധാരണാ പത്രം ഒപ്പുവെച്ചു. ബെൽജിയത്തിലെ ഹബ് ഡോട് ബ്രസൽസുമായി ചേർന്നാണ് ഇൻഫിനിറ്റി കേന്ദ്രം പ്രവർത്തിച്ചുവരുന്നത്. ഓസ്ട്രേലിയ, യു. എസ്. എ എന്നീ രാജ്യങ്ങളിലേക്ക് കൂടി ഇൻഫിനിറ്റി കേന്ദ്രം വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സ്റ്റാർട്ടപ്പ് സ്ഥാപകർക്ക് പ്രവാസി സമൂഹവുമായി അടുത്ത ബന്ധം സ്ഥാപിക്കൽ, നിക്ഷേപം, പുതിയ പദ്ധതികൾ, വിപണി വിപുലീകരണം എന്നിവ ഇൻഫിനിറ്റി കേന്ദ്രങ്ങൾ വഴി സാധ്യമാക്കും. കേരള സ്റ്റാർട്ടപ്പുകളുടെ ആഗോള മാർക്കറ്റ് ആക്സസ് ശക്തിപ്പെടുത്താൻ ഇത്തരം പ്രവർത്തനങ്ങൾ സഹായകരമാണ്. |
| (സി) | നിലവിലെ സ്റ്റാർട്ടപ്പുകളിൽ സേവന മേഖലയിലും ഉല്പന്നാധിഷ്ഠിത രംഗത്തും പ്രവർത്തിക്കുന്നവയെക്കുറിച്ചുള്ള വിശദാംശം അറിയിക്കാമോ; | (സി) | കേരള സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്റ്റാർട്ടപ്പുകളിൽ സേവനമേഖലയിൽ പ്രവർത്തിക്കുന്ന 2545 സ്റ്റാർട്ടപ്പുകളും, ഉത്പ്പന്നാധിഷ്ഠിത മേഖലയിൽ പ്രവർത്തിക്കുന്ന 1599 സ്റ്റാർട്ടപ്പുകളും, രണ്ട് മേഖലകളിലും പ്രവർത്തിക്കുന്ന 136 സ്റ്റാർട്ടപ്പുകളും കേരള സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളിൽ നിന്നുള്ള സേവനങ്ങളും ഉല്പന്നങ്ങളും സർക്കാർ വകുപ്പുകൾ/ സ്ഥാപനങ്ങൾ നേരിട്ട് വാങ്ങുന്നതിനായുള്ള ഗവൺമെന്റ് ആസ് എ മാർക്കറ്റ് പ്ലേസ് എന്ന പദ്ധതി വിജയകരമാക്കുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | സ്റ്റാർട്ടപ്പുകളിൽ നിന്നും സേവനങ്ങളോ ഉൽപ്പന്നങ്ങളോ സർക്കാർ വകുപ്പുകൾക്ക് നേരിട്ട് വാങ്ങുന്നതിനും സ്റ്റാർട്ടപ്പുകൾക്ക് മാത്രം പങ്കെടുക്കാവുന്ന ടെൻഡർ നയവും ഉൾക്കൊള്ളിച്ചുകൊണ്ട് ഗവൺമെന്റ് ആസ് എ മാർക്കറ്റ് പ്ലെയ്സ് (GAAM) എന്ന പദ്ധതി 2017-ൽ നിലവിൽ വന്നു. ഈ നയ പ്രകാരം 2022-ൽ സ്റ്റാർട്ടപ്പുകളിൽ നിന്നും ഉൽപന്നങ്ങളും സേവനങ്ങളും സർക്കാർ വകുപ്പുകൾക്ക് നേരിട്ട് വാങ്ങുന്നതിനുള്ള പരിധി 20 ലക്ഷത്തിൽ നിന്ന് 50 ലക്ഷമായി ഉയർത്തി. ഇതിനോടൊപ്പം ഐടി ഇതരസേവനങ്ങളും ഉൽപ്പന്നങ്ങളും ഈ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരികയും ചെയ്തു.<br><br>ഈ പദ്ധതിയുടെ പ്രചാരണാർത്ഥം, സർക്കാർ വകുപ്പുകളുമായി സഹകരിച്ച് 'ഡെമോ ഡേ' (Demo Days), 'ഡിമാൻഡ് ഡേ' (Demand Days) എന്നിവ സംഘടിപ്പിച്ചുകൊണ്ട് കേരള സ്റ്റാർട്ടപ്പ് മിഷൻ (KSUM) സ്റ്റാർട്ടപ്പുകൾക്കായി വിവിധ പരിപാടികൾ നടത്തുന്നു. കൂടാതെ, 'ഗവൺമെന്റ് ആസ് എ മാർക്കറ്റ്പ്ലേസ്' (Government as a Marketplace) പദ്ധതിയെക്കുറിച്ച് സർക്കാർ വകുപ്പുകളിൽ അവബോധം സൃഷ്ടിക്കുന്നതിനായി കെഎസ്‌യുഎം ഓൺലൈൻ ശിൽപശാലകളും സംഘടിപ്പിക്കുന്നുണ്ട്. 'ഹഡിൽ ഗ്ലോബൽ' (Huddle Global) പോലുള്ള വേദികളിലൂടെ വകുപ്പുകളും സ്റ്റാർട്ടപ്പുകളും തമ്മിൽ നേരിട്ട് സംവദിക്കാനുള്ള അവസരവും കെഎസ്‌യുഎം ഒരുക്കുന്നു.<br><br>ഈ പദ്ധതിയിലൂടെ വിവിധ സർക്കാർ വകുപ്പുകളിൽ നിന്നായി 13.85 കോടി രൂപയുടെ 132 വർക്ക് ഓർഡറുകൾ ഇതിനകം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ